LIBRARY ARCHIVES Kerala Legislative Assembly

സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതാണ്. നിലവിൽ സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി കെട്ടിടം നിർമ്മിക്കുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികൾ

275(3303) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശങ്ങൾ പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കാമോ?

കാട്ടാക്കട മണ്ഡലത്തിൽ സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത അങ്കണവാടികളുടെ വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു.*

(ബി) പ്രസ്തുത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനോ സ്ഥലം ലഭ്യമാക്കാനോ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം -2 ആയി ചേർക്കുന്നു.*

(സി) അങ്കണവാടികളുടെ കെട്ടിട നിർമ്മാണത്തിനായും സ്ഥലം വാങ്ങുന്നതിനും കേന്ദ്ര-സംസ്ഥാന സർക്കാരുകളിൽ നിന്നും ലഭ്യമാകുന്ന ധനസഹായത്തെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അങ്കണവാടി കെട്ടിട നിർമ്മാണത്തിന് സ്ഥലംവാങ്ങുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകൾ തുക അനുവദിക്കുന്നില്ല. അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി MGNREGS പദ്ധതി പ്രകാരം 7 ലക്ഷം രൂപയും സ്റ്റേറ്റ് പ്ലാൻ പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾ സ്ഥാപന വിഹിതം വകയിരുത്തുന്നപക്ഷം ഒരു അങ്കണവാടിക്ക് പരമാവധി 25 ലക്ഷം രൂപ വരെ വിഹിതമായും അനുവദിക്കുന്നു.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.